Mathrubhumi 10-10-18, P-06

# തക്കാളി നടാൻ തക്കസമയം

എം.എ. സുധീർ ബാബു



തക്കാളിക്കൃഷിക്ക് ഏറ്റവും യോജിച്ച സമയം സെപ്റ്റംബർമുതൽ ജനുവരിവരെയാണ്. മഞ്ഞുകാലങ്ങളിൽ തക്കാളി നന്നായി പുഷ്ടിക്കും. നീർവാർച്ചയുള്ള വളക്കൂറടങ്ങിയ മണ്ണാണ് യോജിച്ചത്.

നാട്ടിലെ പുളിരസമേറിയ മണ്ണിൽ ബാക്ടീരിയാവാട്ടത്തിനു സാധ്യത കൂടുതലാണ്. കേരള കാർഷിക സർവകലാശാല പുറത്തിറക്കിയ ശക്തി, മുക്തി എന്നീയിനങ്ങൾ വാട്ടത്തിനെതിരേ പ്രതിരോധ ശക്തിയുള്ളതാണ്. മുക്തിയുടെ കായ്കൾ വിണ്ടുകീറില്ല. ശക്തി ഇനത്തിന്റെ തക്കാളിക്ക് പച്ചനിറമാണ്. വിളദൈർഘ്യം നാലുമാസം. ഹെക്ടറൊന്നിന് 32 ടൺ വിളവുകിട്ടും. ഇടത്തരം വലുപ്പംവരുന്ന വെളുത്ത തക്കാളിയിനമാണ് മുക്തി. മൂന്നരമാസത്തെ മൂപ്പാണുള്ളത്. ഹെക്ടറൊന്നിന് 43 ടണ്ണിലേറെ വിളവ് പ്രതീക്ഷിക്കാം.

വിത്ത് പാകി കിളിർപ്പിച്ച് ഒരുമാസം പ്രായമായാൽ വേരുപൊട്ടാതെ പിഴുതെടുത്ത് നടണം. മണ്ണും മണലും ചാണകപ്പൊടിയും ചേർത്തിളക്കി തവാരണ തയ്യാറാക്കാം. അര സെൻറിമീറ്റർ താഴ്ത്തി വരിവരിയായി വിത്തിട്ട് മുകളിൽ ചെറുകനത്തിൽ മണൽ വിതറണം. ആവശ്യമെങ്കിൽ നനയ്ക്കാം.

തൈകൾക്ക് വളർച്ചയില്ലെങ്കിൽ അഞ്ചുലിറ്റർ വെള്ളത്തിൽ 10 ഗ്രാം യൂറിയ കലക്കി തളിച്ചാൽ മതി. ഒരു ഹെക്ടറിലേക്ക് തക്കാളി നടാൻ 400 ഗ്രാം വിത്ത് മതിയാകും.

60 സെൻറിമീറ്റർ അകലത്തിൽ ചാലുകളെടുത്ത് തൈ നടണം. ചാലിൽ തൈകൾ തമ്മിൽ 60 സെൻറിമീറ്റർ അകലം വേണം. അടിവളമായി സെന്റൊന്നിന് 100 കിലോ കാലിവളം, 325 ഗ്രാം യൂറിയ, 875 ഗ്രാം സൂപ്പർ ഫോസ്ഫേറ്റ്, 80 ഗ്രാം പൊട്ടാഷ് എന്നിവ ചേർക്കണം. തൈ നട്ട് ഒരു മാസശേഷം മേൽവളം ചെയ്യാം. ഇതിന് 165 ഗ്രാം യൂറിയ, 80 ഗ്രാം പൊട്ടാഷ് എന്നിവ നൽകണം. പിന്നീട് ഒരു മാസത്തിനുശേഷം 160 ഗ്രാം യൂറിയ മാത്രം ചേർക്കണം. ചെടിച്ചട്ടിയിലും ചാക്കുകളിലും നടാം. തോട്ടത്തിൽ വളമിടുമ്പോൾ മണ്ണിട്ട് വാരം ചേർക്കണം. പടരുന്ന ചെടികൾക്ക് താങ്ങും നൽകണം. കായ്തുരപ്പൻ ആക്രമിച്ചാൽ ചെടി ചുവടെ പിഴുത് തീയിട്ടാൽ മതി. കീടനാശിനി തളി നന്നല്ല.

വാട്ടരോഗം തടയാൻ ചെടിച്ചുവട്ടിൽ കുമ്മായം ചേർക്കണം. സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചുവട്ടിൽ ഒഴിച്ചുകൊടുക്കണം. ഒരു സെന്ററിൽ തക്കാളി നട്ടാൽ 100 ചെടികളിൽനിന്ന് 60 കിലോഗ്രാം കായ ലഭിക്കും.